വാല്യം: 5 ലക്കം: 3
സെപ്റ്റംബർ 2016

MALABAR CANCER CENTRE
THALASSERY

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



## മലബാർ കാൻസർ സെന്റർ
തലശ്ശേരി, കണ്ണൂർ



## മുന്നുര

"യു ആർ ദി ക്രിയേറ്റർ ഓഫ് യുവർ ഓൺ ഡെസ്ടിനി'' (നിങ്ങളാണ് നിങ്ങളുടെ വിധി നിർണ്ണയിക്കുന്നത്.) വളരെ കുറഞ്ഞ കാലം മാത്രം ജീവിച്ച് ഒരു മനുഷ്യജന്മത്തിൽ അസാധ്യം എന്ന് തോന്നും വിധം കർമ്മനിരതനായിരുന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകളാണിത്. ഹോച്കിൻസ് ലിംഫോമയിൽ നിന്നും കീമോ തെറാപ്പിയിലൂടെ മുക്തി നേടിയ മധ്യപ്രദേശുകാരൻ ശ്രീ. ഹർജിത്ത് നമ്മളോട് പങ്കുവെക്കുന്നതും മറ്റൊന്നല്ല. അസുഖം മാറിയതിന് ശേഷം തന്റെ ബൈക്കിൽ ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ജനങ്ങളിൽ അർബുദത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കാൻ ശ്രമിക്കുകയാണ് ഹർജിത്ത്. തന്റെ യാത്രയുടെ ഭാഗമായി അദ്ദേഹം മലബാർ കാൻസർ സെന്ററിലും എത്തി രോഗികളും അവരുടെ ബന്ധുക്കളുമായി സംവദിച്ചു. പ്രതീക്ഷയുടെ യാത്ര എന്ന് പേരിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ യാത്ര അർബുദ ബാധിതരിൽ പ്രതീക്ഷയുടെ തിരി തെളിയിക്കും എന്നതിൽ സംശയമില്ല.

അസുഖം നിങ്ങളുടെ ശരീരത്തിനെ കീഴടക്കും മുമ്പേ മനസ്സിനെ കീഴ്പെടുത്തിയിരിക്കും. മനസ്സിനെ ജയിക്കുക എന്നതാണ് ഒരു രോഗി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. അർബുദം പോലുള്ള രോഗങ്ങൾ ചികിത്സിക്കുമ്പോൾ രോഗിയുടെ മാനസികാരോഗ്യം പരമപ്രധാനമാണ്.എം.സി.സിയിൽ എത്തുന്ന രോഗികൾക്ക് നൽകുന്ന കൗൺസിലിംഗ് എന്താണ്, എങ്ങനെയാണ് എന്നതിനെക്കുറിച്ച് നമ്മുടെ മെഡിക്കൽ സോഷ്യൽ വർക്കർ എഴുതിയ ഒരു ലേഖനമാണ് ഈ ലക്കത്തിലെ ആലേഖത്തിൽ ഒന്ന്.

എം.സി.സിയിൽ ലഭിക്കുന്ന ചികിത്സാ സഹായ പദ്ധതികളെക്കറിച്ച് സമഗ്ര വിവരം നൽകുന്ന ഒരു ലേഖനവും ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പൂർണ്ണമായി സൗജന്യമായും അല്ലെങ്കിൽ പരിമിതമായ ചെലവിലും മികച്ച ചികിത്സ ഉറപ്പാക്കുന്ന എം.സി.സി ഉള്ളപ്പോൾതന്നെ നിർദ്ധനരായ രോഗികൾ സ്വകാര്യ ആശുപത്രികളിൽ പോയി പണച്ചിലവ് ഏറെയുള്ള ചികിത്സ തേടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അർബുദ ചികിത്സ ചിലവേറിയതാണെന്നിരിക്കേ സൗജന്യ ചികിത്സയെക്കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുന്നതാണ് ഈ ലേഖനം.

മജ്ജ മാറ്റിവെക്കൽ ചികിത്സ കഴിഞ്ഞവരുടേയും അവരുടെ കുടുംബാംഗങ്ങളുടെയും ഒരു കൂട്ടായ്മ 'നവജീവൻ 2016' എന്ന പേരിൽ 2016 ആഗസ്റ്റ് 26 ന് സംഘടിപ്പിച്ചു. മജ്ജ മാറ്റിവെക്കൽ ചികിത്സ പൂർണ്ണമായും സൗജന്യമായി നടത്തുക എന്ന ഉദ്ദേശത്തോടെ അക്ഷയ ഫണ്ട് എന്ന പേരിൽ ഒരു സഹായ നിധിയുടെ ഉദ്ഘാടനവും അന്നേ ദിവസം നടത്തുകയുണ്ടായി.

എം.സി.സി യിലെ ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ജനിതക വിഭാഗം സെപ്തംബർ 30 മുതൽ ഒക്ടോബർ 2 വരെ മോളിക്യൂലാർ ബയോളജി ഉപകരണങ്ങളിലും ബയോ ഇൻഫർമാറ്റിക്സ് വിഭാഗങ്ങളിലും പരിശീലനം നൽകാനായി മോളിക്യൂലാർ സാങ്കേതിക വിദ്യയിൽ ഒരു ശില്പശാല സംഘടിപ്പിച്ചു.

മലബാർ കാൻസർ സെന്റർ രൂപം കൊണ്ട ശേഷം ആദ്യമായി ഒരു ഗവേണിംഗ് ബോഡി യോഗം ഈ ആഗസ്റ്റ് മാസം എം.സി.സിയിൽ വച്ച് നടന്നു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒമ്പതാമത് ഗവേണിംഗ് ബോഡിയിൽ മലബാർ കാൻസർ സെന്ററിനെ അർബുദ രോഗ പഠനങ്ങൾക്കായുള്ള ബിരുദാനന്തരബിരുദ പഠന ഗവേഷണ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനമെടുത്തു. കുറഞ്ഞത് 600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രൊജക്ടിലൂടെ എം.സി.സി ലോകോത്തര നിലവാരത്തിലേക്ക് ഉയരും. കേരളത്തിലെ കാൻസർ ചികിത്സാരംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിമരുന്നിടുന്ന ഈ പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിലാക്കാൻ നമുക്ക് ഒരുമിച്ച് കൈ കോർക്കാം.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

# ഗവേണിംഗ് ബോഡി യോഗം



മലബാർ കാൻസർ സെന്റർ രൂപംകൊണ്ടശേഷംആദ്യമായി ഒരു ഗവേണിംഗ് ബോഡി യോഗത്തിന് എം.സി.സി വേദിയായി. 2016 ആഗസ്റ്റ് മാസം നടന്ന ഒമ്പതാമത് ഗവേണിംഗ് ബോഡിക്കാണ് എം.സി.സി സാക്ഷ്യം വഹിച്ചത്.

മലബാർ കാൻസർ സെന്ററിന്റെ വികസനമാണ് യോഗം പ്രധാനമായും ആലോചിച്ചത്. ഇതിൽ പ്രധാനമാണ് സെന്ററിനെ പി.ജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തണമെന്ന നിർദ്ദേശം. അതിനുള്ള പ്രൊജക്ട് എം.സി.സി ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ ഗവേണിംഗ് ബോഡിമുമ്പാകെ അവതരിപ്പിച്ചു. അതിന് ഗവേണിംഗ് ബോഡി അംഗീകാരം നൽകി. ഇതിലൂടെ മലബാർ കാൻസർ സെന്റർ അർബുദ രോഗ പഠനങ്ങൾക്കായുള്ള ബിരുദാനന്തരബിരുദ പഠന ഗവേഷണ കേന്ദ്രമായി മാറും. കുറഞ്ഞത് 600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രൊജക്ടിലൂടെ എം.സി.സി ലോകോത്തര നിലവാരത്തിലേക്ക് ഉയരും.

ഗവേണിംഗ് ബോഡി ചെയർമാൻ ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. ആരോഗ്യ മന്ത്രി ശ്രീമതി. കെ.കെ ശൈലജ ടീച്ചർ, മെമ്പർമാരായ തലശ്ശേരി എം.എൽ.എ. അഡ്വ. എ.എൻ.ഷംസീർ,കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.വി സുമേഷ്, തലശ്ശേരി നഗരസഭാ ചെയർമാൻ ശ്രീ.സി.കെ രമേശൻ, ആരോഗ്യ കുടുംബ ക്ഷേമ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ ഐ.എ.എസ്, ധനകാര്യ സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഇ.കെ പ്രകാശ്, എം.സി.സി ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യൻ, കോഴിക്കോട് ഗവർമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി.പി ശശിധരൻ, റീജണൽ കാൻസർ സെന്റർ ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യൻ, പരിയാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.സുധാകരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ആലേഖം

രഞ്ജിത് എം.കെ.
സിസ്റ്റം മാനേജർ

# കുറഞ്ഞ ചിലവിൽ മികച്ച ചികിത്സാ സൗകര്യമൊരുക്കി മലബാർ കാൻസർ സെന്റർ

2016 ജൂലൈ 8ന് ബഹു: ധനമന്ത്രി ഡോ. ടി.എം. തോമസ്സ് ഐസക് നിയമസഭയിൽ നടത്തിയ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കാരുണ്യ ചികിത്സാ പദ്ധതികൾ ജനങ്ങളുടെ അവകാശമാക്കി മാറ്റുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനത്തെ ഏറെ പ്രതീക്ഷയോടെയാണ് അർബുദ രോഗികളും, കുടുംബവും, സമൂഹവും നോക്കിക്കാണുന്നത്. മലബാർ കാൻസർ സെന്ററിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് പരിശോധിച്ചാൽ അർബുദ ചികിത്സാ ധനസഹായ പദ്ധതികൾ വളരെ ഫലപ്രദമാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം മലബാർ കാൻസർ സെന്ററിൽ ചികിത്സ നടത്തിയ രോഗികളിൽ 99.09% പേർക്കും ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

അത് അവരുടെ ചികിത്സ പൂർത്തിയാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കാരുണ്യ ബനവലന്റ് ഫണ്ട്, സുകൃതം, ചിസ്-പ്ലസ്, എന്നിവയാണ് ഇതിൽ മുന്നിട്ട് നിൽക്കുന്നത്. മറ്റു ചികിത്സാ ധനസഹായപദ്ധതികളായ കാൻസർ സുരക്ഷാ സ്കീം, ആശ്വാസ്, സ്നേഹസാന്ത്വനം, ഇ.എസ്.ഐ, സി.എച്ച്.സി.പി, പി.എം.ആർ.എസ്, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി, ആരോഗ്യകിരണം, തുടങ്ങിയവയിലൂടെയും രോഗികൾക്ക് ധനസഹായം



ലഭിക്കുകയുണ്ടായി.

മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള അർഹരായ ആളുകൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയാണ് കാരുണ്യയിലൂടെ ധനസഹായമായി ലഭിക്കുന്നത്. ബി.പി.എൽ കാർഡുള്ള രോഗിക്ക് പരമാവധി മൂന്നുലക്ഷം രൂപ സുകൃതത്തിലൂടെയും, ആർ.എസ്.ബി.വൈ ആരോഗ്യ ഇൻഷൂറൻസ് കാർഡുള്ളവർക്ക് 70,000 രൂപ വരെ ചിസ് -പ്ലസ് പദ്ധതിയിൽ കൂടിയും ലഭിക്കുന്നു. അതായത് ആരോഗ്യ കാർഡുള്ള ബി.പി.എൽ കുടുംബാംഗമായ രോഗിക്ക് 5,70,000 രൂപ വരെ ധനസഹായം ലഭിക്കുന്നതിന് പുറമേ ആർ.എസ്.ബി.വൈ കാർഡ് പുതുക്കുന്ന മുറയ്ക്ക് വർഷത്തിൽ ചിസ്-പ്ലസ്സിൽ കൂടി 70,000 രൂപ വീതവും ലഭിക്കുന്നു. ഒരു സാധാരണ രോഗിയുടെ പൂർണ്ണമായ ചികിത്സയും തുടർ പരിചരണവും ഇതു വഴി സാധിക്കുന്നതാണ്.

മലബാർ കാൻസർ സെന്ററിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം റേഡിയേഷൻ ചികിത്സ നേടിയവരിൽ 94.35%വും കീമോതെറാപ്പി ചെയ്തവരിൽ 89.85%വും ശസ്ത്രക്രിയയ്ക്ക് വിധേയരായവരിൽ 87.84%ത്തിനും സർക്കാർ സ്കീമുകളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. സ്കീമുകൾ ലഭിക്കാത്ത രോഗികളിൽ ഭൂരിഭാഗവും സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പരിധിയിൽ പെടുന്നവരും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരുമാണ്. ഇവരെ ഒഴിച്ച് നിർത്തിയാൽ 99.09% ആളുകൾക്കും സ്കീമുകൾ വഴി ചികിത്സ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.

ഇത്തരം സർക്കാർ ധനസഹായ പദ്ധതികൾ ലഭിക്കാത്ത അർഹരായരോഗികൾക്ക് മലബാർ കാൻസർ സെന്ററിന്റെ പേഷ്യന്റ് വെൽഫയർഫണ്ടിൽ നിന്ന് തുക അനുവദിക്കാറുണ്ട്. സുമനസ്സുകളുടെ സംഭാവനകൾ ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ബി.എം.ടി ചെയ്യുന്ന നിർദ്ദന രോഗികളെ സഹായിക്കുന്നതിനായി 'അക്ഷയ' എന്ന ചികിത്സാ ധനസഹായ നിധിയും എം.സി.സിയിൽ പ്രവർത്തിക്കുന്നു.

സ്കീമുകൾക്ക് പുറമേ രോഗികളുടെ സാമൂഹ്യ, സാമ്പത്തിക സ്ഥിതിയനുസരിച്ച് പരിശോധനകൾക്കും ചികിത്സയ്ക്കുമായി 3.87 കോടി രൂപകഴിഞ്ഞ സാമ്പത്തിക വർഷം എം.സി.സി സബ്സിഡിയായി നൽകുകയുായി. കൂടാതെ മുഖവിലയുടെ 55%വരെ വിലക്കുറവിലാണ് മരുന്നുകൾ ലഭ്യമാക്കുന്നത്.



ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 14.62 കോടിരൂപ സബ്സിഡിയായി നൽകുകയുണ്ടായി. കമ്പനികളിൽ നിന്നും നേരിട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിലൂടെയാണ് എം.സി.സിക്ക് ഇത് സാധിക്കുന്നത്. കഴിഞ്ഞസാമ്പത്തിക വർഷം മാത്രം സബ്സിഡിയിനത്തിൽ ചിലവഴിച്ചത്18.5 കോടിരൂപയാണ്.

രോഗികൾക്ക് ചികിത്സാ ധനസഹായ പദ്ധതികളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിന്പ്രത്യേക 'ഹെൽപ്പ് ഡെസ്ക്' സൗകര്യം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഡോക്ടർമാരും, നഴ്സുമാരും, റിസപ്ഷൻ സ്റ്റാഫുകളും, മറ്റ് ജീവനക്കാരും അർഹരായവർക്ക് ചികിത്സാ ധനസഹായ സ്കീമുകൾ ലഭ്യമാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു.

മലബാർ കാൻസർ സെന്ററിലെ ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് അറിവില്ലായ്മ കാരണം ഒരു ചെറിയ ശതമാനം രോഗികൾ സംസ്ഥാനത്തിന് പുറത്ത് ചികിത്സിച്ച് സാമ്പത്തികമായി തകർന്നതിന് ശേഷമാണ് എം.സി.സിയിൽ വരുന്നത്. ഇത് അവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. മലബാറിലെ അർബുദ രോഗികൾക്ക് ആശ്വാസവും പ്രതീക്ഷയുമായി എം.സി.സി മികച്ച ചികിത്സാ സൗകര്യമൊരുക്കി മുന്നേറുകയാണ്.

**മലബാർ കാൻസർ സെന്ററിൽ ലഭ്യമായ കാൻസർ രോഗ ചികിത്സാ സഹായ പദ്ധതികൾ**

- സുകൃതം
- കാരുണ്യ ബെനവലന്റ് ഫണ്ട്
- ചിസ് പ്ലസ്
- കാൻസർ സുരക്ഷാപദ്ധതി
- താലോലം
- പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട രോഗികൾക്കായുള്ള ആരോഗ്യ സുരക്ഷാ പദ്ധതി
- സ്നേഹ സാന്ത്വനം
- മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി
- പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി
- ഇ.എസ്.ഐ

*നിങ്ങളുടെ സംശയത്തിനും സഹായത്തിനും കൂടുതൽ വിവരങ്ങൾക്കും ക്ലിനിക്കൽ അഡ്മിനിസ്ട്രേഷൻ വിഭാഗവുമായി ബന്ധപ്പെടുക.*



# നവജീവൻ 2016

മലബാർ കാൻസർ സെന്ററിൽ രക്താർബുദത്തിനും മറ്റ് രക്തജന്യ രോഗങ്ങൾക്കുമായി മജ്ജമാറ്റിവെക്കൽ ചികിത്സ തേടിയവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഗമം ‘നവജീവൻ 2016‘എന്ന പേരിൽ ആഗസ്റ്റ് 20- ാം തീയ്യതി എം.സി.സി സെമിനാർ ഹാളിൽ വച്ച് നടന്നു. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ബഹു. തലശ്ശേരി എം.എൽ.എ അഡ്വ. എ.എൻ. ഷംസീർ നിർവ്വഹിച്ചു.

മലബാറിൽ നിന്നും ചികിത്സക്കായി തിരുവന്തപുരം ആർ.സി.സിയിലേക്ക് പോകുന്നവരുടെ എണ്ണം വളരെയധികം കുറഞ്ഞിട്ടുണ്ടെന്നതും, തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിലെ അർബുദ രോഗികൾ മലബാർ കാൻസർ സെന്ററിൽ ചികിത്സതേടി വരുന്നുവെന്നതും എം.സി.സി അതിന്റെ ഉദ്ദേശ ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിന്റെ തെളിവാണ് എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

മജ്ജ മാറ്റിവെക്കൽ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ രൂപം നൽകിയ അക്ഷയ ഫണ്ടിന്റെ ബ്രോഷർ സുപ്രസിദ്ധ ചലചിത്രതാരം സുശീൽ തിരുവങ്ങാട്, മജ്ജ മാറ്റിവെക്കൽ ചികിത്സ പൂർത്തിയാക്കിയ കുമാരി സെലീനയ്ക്ക് നൽകി പ്രകാശനം ചെയ്തു.

വളരെയധികം പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവന്നെങ്കിലും ലോകോത്തര നിലവാരമുള്ള മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ യൂണിറ്റ് യാഥാർത്ഥ്യമാക്കാൻ സാധിച്ചതിലുള്ള സന്തോഷം എം.സി.സി ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പങ്കുവെച്ചു. ചികിത്സാ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച സമയം അകമഴിഞ്ഞ് സഹായിച്ച മുൻ ആരോഗ്യ മന്ത്രി ശ്രീമതി പി.കെ ശ്രീമതി ടീച്ചറുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും സഹായ സഹകരണങ്ങൾക്ക് നന്ദി പറയുവാൻ അദ്ദേഹം മറന്നില്ല.

വിദ്യാഭ്യാസ കാലത്തിനിടയിൽ ലിംഫോമ എന്ന രക്താർബുദം കണ്ടെത്തിയതിനെ തുടർന്ന് മജ്ജ മാറ്റിവെക്കൽ ചികിത്സ നടത്തിയ കുമാരി സെലീന തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. സങ്കീർണ്ണമായ ചികിത്സയിലൂടെ കടന്നുപോയപ്പോഴും ആത്മ വിശ്വാസത്തോടെ പ്രതികരിക്കുവാൻ തന്നെ പ്രാപ്തയാക്കിയത് ഡോ. ചന്ദ്രൻ കെ.നായരും അദ്ദേഹത്തിന്റെ ടീമുമാണെന്ന് സലീന പറഞ്ഞു. ചികിത്സയിലിരിക്കുമ്പോഴും പഠിച്ച് ബിരുദാനന്തര ബിരുദം നേടുവാൻ തനിക്കായത് എം.സി.സിയിലെ ജീവനക്കാരുടെ സ്നേഹവാത്സല്യം കൊണ്ടുമാത്രമാണെന്നതും അവർ അനുസ്മരിച്ചു.

ചടങ്ങിൽ അക്ഷയ ഫണ്ടിലേക്ക് ധനസമാഹരണം നടത്തിയ തലശ്ശേരിയിലെ സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെയും, മുബാറക് സ്കൂളിലെയും, സ്കൗട്ട് & ഗൈഡ് യൂണിറ്റുകളെ ആദരിച്ചു. കൂടാതെ ആണ്ടം യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാരെയും, യൂണിറ്റ് ഒരുക്കിയ എഞ്ചിനിയറിംഗ് വിഭാഗത്തെയും ചടങ്ങിൽ അനുമോദിച്ചു. തുടർന്ന് കാൻവാസ് ഡ്രോയിംഗും, കലാപരിപാടികളും നടന്നു.

പഠനാന്തരം

# മോളിക്യൂലാർ സാങ്കേതിക വിദ്യയിൽ ശില്പശാല

ചികിത്സാപരമായി മോളിക്യൂലാർ സാങ്കേതിക വിദ്യയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് മലബാർ കാൻസർ സെന്ററിലെ ജനിതക വിഭാഗം മൂന്ന് ദിവസങ്ങളിലായി സെപ്തംബർ 30 മുതൽ ഒക്ടോബർ 2 വരെ ശില്പശാല സംഘടിപ്പിച്ചു. മോളിക്യൂലാർ ബയോളജി ഉപകരണങ്ങളിലും ബയോ ഇൻഫർമാറ്റിക്സ് വിഭാഗങ്ങളിലും അടിസ്ഥാന പരിശീലനം നൽകുക എന്നതായിരുന്നു ശില്പശാലയുടെ പ്രധാന ലക്ഷ്യം. വ്യത്യസ്തമായ ബയോളജിക്കൽ സാമ്പിളുകളിൽ നിന്ന് ഞചഅ, ഉചഅവേർതിരിക്കുക, പി.സി.ആർ, റിയൽ ടൈം പി.സി.ആർ 2D ഇലക്ട്രോ ഫോറസിസ് ബയോ ഇൻഫർമാറ്റിക്സ് ടൂൾസിന്റെ പരിശീലനം എന്നീ വിദ്യകൾ പ്രസ്തുത ശില്പശാലയിൽ ഉൾപ്പെടുത്തി. ഇത്തരം സാങ്കേതിക വിദ്യകളാണ് മോളിക്യുലാർ ബയോളജിയുടേയും ചികിത്സാപരമായിട്ടുള്ള എല്ലാകണ്ടുപിടുത്തങ്ങളുടേയും അടിസ്ഥാനം. പ്രസ്തുത പരിശീനലക്ലാസ്സിൽ എം.സി.സിയിലുള്ള ഡോ. സംഗീത, ഡോ. വിനിൻ, മലനഹസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസിലെ 3 പി.ജി വിദ്യാർത്ഥികളും, ടി.എം.എച്ചിലെ ഒരു വിദ്യാർത്ഥിയും കോയമ്പത്തൂർ, എയിംസ് കൊച്ചി, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽനിന്നുള്ള വരുംപങ്കെടുത്തു.

ബോധനം

# സൻസദ് ആദർശ് ഗ്രാമയോജന: കുറ്റ്യാട്ടൂർ സർവ്വേ അവലോകനവും റിപ്പോർട്ട് സമർപ്പണവും

സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിയുടെ ഭാഗമായി മലബാർ കാൻസർ കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിൽ നടത്തിയ പ്രാഥമിക വിവര ശേഖരണ സർവ്വേയുടെ ഫലം വിലയിരുത്തി തുടർ നടപടി നിർദ്ദേശങ്ങളും മാർഗ്ഗരേഖയും സമർപ്പിച്ചു. ജൂലൈ 14 ന് ഗ്രാമ പഞ്ചായത്തിൽ വച്ച് നടന്ന പരിപാടിയിൽ മലബാർ കാനസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യം റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡണ്ടിന് സമർപ്പിച്ചു. തുടർന്ന് പഞ്ചായത്ത്അംഗങ്ങളും സൻസദ് ആദർശ് ഗ്രാമയോജന സന്നദ്ധപ്രവർത്തകരും റിപ്പോർട്ടും തുടർ പ്രവർത്തന നിർദ്ദേശങ്ങളും വിശദമായി ചർച്ചചെയ്തു. റിപ്പോർട്ടിന്റെ പകർപ്പുകൾ ജില്ലാ കളക്ടർക്കും ബഹുമാനപ്പെട്ട കണ്ണൂർ എം.പി ശ്രീമതി. പി.കെ ശ്രീമതി ടീച്ചർക്കും സമർപ്പിച്ചു.

വർത്തമാനം




ആഘോഷങ്ങളിൽ നിന്നും ആരവങ്ങളിൽ നിന്നും മാറി ആശുപത്രിയിലെ ചുവരുകൾക്കിടയിൽ രോഗികളുടെ കൂടെ ചിലവിടുന്നവർക്കായി മലബാർ കാൻസർ സെന്റർ പൂക്കളമത്സരം സംഘടിപ്പിച്ചു. ആശുപത്രിയിലെ ജീവനക്കാരും കൂട്ടിരിപ്പുകാരും ഒരുമിച്ചു പങ്കെടുത്ത പൂക്കളമത്സരം വളരെയേറെ സന്തോഷപ്രദമായിരുന്നു. വിവിധ വാർഡുകളിൽ നിന്ന് പങ്കെടുത്തവരിൽ നിന്നും മികച്ച മൂന്ന് ടീമുകൾക്ക് സമ്മാനം നൽകുകയുണ്ടായി.

ശോഭിത് വി.കെ.
മെഡിക്കൽ സോഷ്യൽ വർക്കർ

# മാനസികാരോഗ്യം കാൻസർ ചികിത്സയിൽ

ആരോഗ്യം എന്നത് രോഗമില്ലാത്ത അവസ്ഥ അല്ല മറിച്ച് ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ സുസ്ഥിതിയാണെന്ന് ലോകാരോഗ്യ സംഘടന ആരോഗ്യത്തെ നിർവ്വചിച്ചിരിക്കുന്നു. ഇതിൽ നിന്ന് വ്യക്തമായി മനസ്സിലാക്കേണ്ട ഒരു കാര്യം ശാരീരികാരോഗ്യം അതിന്റെ ഘടകങ്ങളിൽ ഒന്നുമാത്രമാണ് എന്നതാണ്. നമ്മുടെ സമൂഹത്തിൽ ശാരീരികാരോഗ്യത്തിനാണ് ഇന്ന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. ഇതിന്റെ ഫലമായി മാനസികാരോഗ്യം തീരെ പരിഗണിക്കപ്പെടാതെ പോകുന്നു.

ഇന്നത്തെ സമൂഹത്തിൽ മാനസികാരോഗ്യത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. മനുഷ്യന്റെ ചിന്താഗതിയിലും ജീവിതശൈലിയിലുമുള്ള മാറ്റം മൂലം അവർക്ക് ശാരീരികവും മാനസികവുമായി ഒരുപാട് പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. ഭൂരിഭാഗം പ്രശ്നങ്ങളേയും അവർക്ക് സ്വയം പരിഹരിക്കുവാൻ സാധിക്കും. എന്നാൽ



ചിലപ്പോഴെങ്കിലും ഒരു പ്രൊഫഷണലിന്റെ സഹായം ഇതിനായി ആവശ്യം വന്നേക്കാം. എന്തെങ്കിലും ഒരു പ്രശ്നവുമായി എത്തുന്ന ഒരു വ്യക്തിക്ക് കൃത്യമായ സമയത്ത് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അവരെക്കൊണ്ടുതന്നെ ആപ്രശ്നം പരിഹരിക്കുവാനുള്ള മാർഗ്ഗം തിരഞ്ഞെടുപ്പിക്കുകയും പ്രശ്നം പരിഹരിക്കുകയും ചെയ്യുക എന്നതാണ് കൗൺസിലിംഗിന്റെ ഉദ്ദേശ്യം. ഭൂരിഭാഗം ആളുകൾക്കും കൗൺസിലിംഗ് എന്നത് ഉപദേശം നൽകലാണ് എന്ന തെറ്റിദ്ധാരണയുണ്ട്.ഏതൊരു പ്രശ്നത്തേയും വ്യക്തിയുടെ മാനസികവും സാമ്പത്തികവും ഭൗതികവുമായ എല്ലാ വശങ്ങളും പരിശോധിച്ച് വ്യക്തമായ ഒരു തീരുമാനമെടുക്കാൻ സഹായിക്കുകയാണ് കൗൺസിലിംഗ് പ്രക്രീയയിൽ നടക്കുന്നത്.

**കാൻസർ ചികിത്സയിൽ കൗൺസിലിംഗ്**

കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരാൾ മാനസികമായി ഒരുപാടു വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. പലപ്പോഴും ഇവ ഒന്നും തന്നെ പരിഗണിക്കപ്പെടുന്നില്ല എന്നതാണ് സത്യാവസ്ഥ.മിക്കവാറും ചികിത്സ തേടി ആശുപത്രിയിൽ എത്തുമ്പോഴും കാൻസർ ആവരുതേ എന്ന പ്രാർത്ഥനയോടെ ആയിരിക്കും രോഗി ഇരിക്കുന്നത്. 'മുന്നേ പരിശോധിച്ച ഡോക്ടർ ചില സൂചനകൾ നൽകിയിരുന്നു. എന്നാലും മനസ്സിൽ ഒരു പ്രതീക്ഷ അസുഖം അതാവില്ല എന്ന് 'ഇത് ചികിത്സയിലെ വളരെപ്രധാനപ്പെട്ട ഒരു ഘട്ടമാണ്. മനശാസ്ത്ര സമീപനം യഥാർത്ഥത്തിൽ ആരംഭിക്കേണ്ടത് ഇവിടെയാണ്. ഞാൻ രോഗാവസ്ഥയിലാണ് എന്ന് രോഗി എപ്പോഴാണോ ഉൾക്കൊള്ളുന്നത് അപ്പോൾ മാത്രമേ മനസ്സ് ചികിത്സയെ അംഗീകരിക്കുകയുള്ളൂ. അല്ലെങ്കിൽ മനസ്സ് ഓരോ നിമിഷവും യാഥാർത്ഥ്യത്തെ ചോദ്യം ചെയതുകൊണ്ടേയിരിക്കും. അങ്ങനെചെയ്താൽ മതിയായിരുന്നു, ആ ഡോക്ടറെ കണ്ടാൽ മതിയായിരുന്നു, അസുഖം വരാതെ നോക്കാമായിരുന്നു, ശീലങ്ങൾ മാറ്റാമായിരുന്നു, എന്നിങ്ങനെ നിരവധി തിരുത്തലുകൾ നടത്താൻ മനസ്സ് ശ്രമിച്ചുകൊണ്ടേയിരിക്കും എന്നതാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. എന്നാൽ മനസ്സ് ഇതിൽ പരാജയപ്പെട്ടുപോകും എന്നതല്ലാതെ അതുകൊണ്ട് മറ്റൊരു പ്രയോജനവുമില്ല. ഈ ഘട്ടത്തിലൂടെ ക്രിയാത്മകമായി കടന്നുപോകാൻ പറ്റാത്തവരാണ് പലപ്പോഴും അശാസ്ത്രീയമായ ചികിത്സാരീതികള പരീക്ഷിക്കുകയും തുടർന്ന് മിക്കപ്പോഴും അസുഖം വഷളായി കൂടുതൽ ചികിസ ചെയ്യേണ്ടി വരികയും ചെയ്യുന്നത്. ഇവിടെയാണ് കൗൺസിലിംഗ് ഫലവത്താകുന്നത്. അസുഖം ഉൾക്കൊള്ളുന്നതോടൊപ്പം ശാസ്ത്രീയമായ ചികിത്സയുടെ ആവശ്യം ബോധ്യപ്പെടാനും ഈ ഘട്ടത്തിലുള്ള കൗൺസിലിംഗ് സഹായിക്കുന്നു.

ചികിത്സയുടെ ഘട്ടമാണ് അടുത്തത്. സാധാരണയായി നാം ഒരു അസുഖത്തെക്കുറിച്ചോ അതിന്റെ ചികിത്സയേക്കുറിച്ചോ വിലയിരുത്തുന്നത് അതിന്റെ ലക്ഷണങ്ങളുടെ തീവ്രതകളിലൂടെയാണ്. ഇവിടെയാണ് കാൻസർ ചികിത്സയിൽ കൗൺസിലിംഗ് ഇടപെടലുകൾ ആവശ്യമായി വരുന്ന മറ്റൊരു ഘട്ടം. ചികിത്സാ രീതികളിലുള്ള ആശയക്കുഴപ്പം ലക്ഷണങ്ങളോടുള്ള പൊരുത്തപ്പെടൽ രീതികൾ തുടങ്ങിയവയിലുള്ള പോരായ്മ പരിഹരിക്കുവാനും ചികിത്സാഘട്ടത്തിലൂടെ നല്ല മനസ്സാന്നിധ്യത്തോടെ കടന്നുപോകാനും ഇത് രോഗികളേയും കൂട്ടിരിപ്പുകാരെയും സഹായിക്കുന്നു.

അസുഖത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ ആ സാഹചര്യത്തിനനുസരിച്ചുള്ള കൗൺസിലിംഗ് ഇടപെടലുകൾ നടത്തുന്നതിലൂടെ രോഗിയെ മാനസികമായി ഉയർത്തിക്കൊണ്ടു ചികിത്സയിലൂടെ കടന്നുപോകാനും അതിലൂടെ സമഗ്രമായ ചികിത്സ സാധ്യമാക്കാനും സഹായിക്കും.

കൗൺസിലിംഗ് മലബാർ കാൻസർ സെന്ററിൽ

മലബാർ കാൻസർ സെന്ററിൽ ചികിത്സയ്ക്കായെത്തുന്ന ഒരു രോഗി ആദ്യം തന്നെ ചികിത്സാ പൂർവ്വ കൗൺസിലിംഗിലൂടെ കടന്നുപോകുന്നു. അതിലൂടെ രോഗിയുടെ മാനസികാവസ്ഥ അപഗ്രഥിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും സാധിക്കുന്നു. ഉയർന്ന ഉത്കണ്ഠ, വിഷാദം, പിരിമുറുക്കം തുടങ്ങിയ പ്രശ്നങ്ങൾ ആദ്യം മുതൽ തന്നെ പരിഹരിച്ചു തുടങ്ങാൻ ഇതിലൂടെ സാധിക്കുന്നു. മാത്രമല്ല ചികിത്സയിൽ സാമ്പത്തിക ബാധ്യതയില്ലാതെ മുന്നോട്ടുപോകാൻ സഹായകമായ ഗവൺമെന്റ് സ്കീമുകളെക്കുറിച്ചുള്ള വിവരങ്ങളും ചികിത്സാ പൂർവ്വ കൗൺസിലിംഗിൽ നൽകുന്നു.

ചികിത്സയുടെ ഓരോ ഘട്ടങ്ങളിലും വ്യത്യസ്തങ്ങളായ കൗൺസിലിംഗ് ഇടപെടലുകൾ നടത്തുന്നതിലൂടെ ചികിത്സയിലൂടെ കടന്നുപോകാനുള്ള മാനസികാവസ്ഥ സംജാതമാകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ആരോഗ്യ ബോധവത്കരണം നൽകുന്നതിലൂടെ ചികിത്സയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കാനും, ചികിത്സ, തുടർ ചികിത്സ എന്നവിയുടെ പ്രാധാന്യം മനസ്സിലാക്കാനും അശാസ്ത്രീയമായ ചികിത്സാ രീതികളിലേക്ക് പോയി അതിലൂടെയുണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുവാനും സാധിക്കുന്നു.

കിടത്തി ചികിത്സയിലുള്ള രോഗികൾക്ക് മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കാനും, മെച്ചപ്പെട്ട ഉറക്കം, നല്ല ചിന്താ രീതികൾ എന്നിവ ലഭ്യമാക്കാനാവശ്യമുള്ള കൗൺസിലിംഗ്, സൈക്കോതെറാപ്പി, റിലാക്സേഷൻ തെറാപ്പികൾ എന്നിവയും ലഭ്യമാക്കുന്നു.

കിടത്തി ചികിത്സയിലുള്ള രോഗികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുകയും അതുവഴി മാനസിക പിരിമുറുക്കത്തിനയവു വരുത്താനും സഹായകമായ രീതിയിൽ ഒരു ജനറൽ ലൈബ്രറി മലബാർ കാൻസർ സെന്ററിൽ പ്രവർത്തിക്കുന്നു. രോഗികൾക്ക് അവരുടെ ഇഷ്ടാനുസരണം പുസ്തകങ്ങൾ എടുത്ത് വായിക്കാനുള്ള സൗകര്യം ലഭ്യമാക്കുന്നതിലൂടെ ചികിത്സാ കാലയളവ് ക്രീയാത്മകമായി ഉപയോഗിക്കുവാൻ സാധിക്കുന്നു.

ചികിത്സ പൂർത്തിയായവർക്ക് ആവശ്യമായ പ്രചോദനം നൽകുന്നതിലൂടെ അവരെ തിരികെ സ്വയംപര്യാപ്തമായ ജീവിതം നയിക്കാൻ സഹായിക്കുന്നു.

5 മുതൽ 10 ശതമാനം കാൻസർ പാരമ്പര്യഘടകങ്ങളുടെ സ്വാധീനം മൂലമുണ്ടാകുന്നതാണ് എന്നത് ജനിടിക് കൗൺസിലിംഗിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ജനിതക മാനദണ്ഠങ്ങൾക്കനുസരിച്ച് ജനിടിക് കൗൺസിലിംഗ് നൽകുകയും തുടർന്നുള്ള മെച്ചപ്പെട്ട മുൻകരുതലോടെയുള്ള ജീവിതം ഉറപ്പുവരുത്താനും സഹായിക്കുന്നു.

മെഡിക്കൽ സോഷ്യൽ വർക്കർ, സൈക്യാട്രിസ്റ്റ് എന്നിവരുടെ നേതൃത്വത്തിലാണ് മലബാർ കാൻസർ സെന്ററിൽ രോഗികളുടെ മാനസികാരോഗ്യം പരിപാലിക്കപ്പെടുന്നത്. ഈ സംഘത്തിലേക്ക് സൈക്കോ ഓങ്കോളജിസ്റ്റു കൂടി എത്തുന്നതോടെ കാൻസർ രോഗികളുടെ മാനസികാരോഗ്യ രംഗത്ത് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാൻ ഒരുങ്ങുകയാണ് മലബാർ കാൻസർ സെന്റർ.






അലീന





ഷഹദ്

# പ്രതീക്ഷയുടെ യാത്ര



അർബുദ രോഗത്തിനെതിരെ പോരാടി വിജയം വരിച്ചതിന്റെ സന്തോഷവും അനുഭവങ്ങളും പങ്കുവെച്ചുകൊണ്ട് മധ്യപ്രദേശ് സ്വദേശി ശ്രീ. ഹർജിത്ത് മലബാർ കാൻസർ സെന്ററിലെത്തി. 2013 ൽ ഹോച്കിൻസ് ലിംഫോമ എന്ന അർബുദരോഗം ബാധിക്കുകയും ആറുമാസത്തെ കീമോ തെറാപ്പികൊണ്ട് രോഗം പൂർണ്ണമായും ഭേദമാവുകയും ചെയ്തയാളാണ് ഹർജിത്ത്. സാധാരണക്കാരുടെ ഇടയിൽ അർബുദ ചികിത്സയെക്കുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ ഇന്ത്യയൊട്ടാകെ ബൈക്കിൽ സഞ്ചരിക്കുകയാണ് അദ്ദേഹമിപ്പോൾ. 'പ്രതീക്ഷയുടെ യാത്ര' (റൈഡ് ഫോർ ഹോപ്പ്) എന്ന് പേരിട്ടിരിക്കുന്ന തന്റെ യാത്രയുടെ ഭാഗമായി എം.സി.സിയിൽ എത്തിയതാണ് ശ്രീ. ഹർജിത്ത്.

ജൂലൈ 5 ന് രാവിലെ എം.സി.സിയിലെത്തിയ ഹർത്തിജിനെ ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രഹ്മണ്യവും സഹപ്രവർത്തകരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് എം.സി.സി സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ മലബാർ കാൻസർ സെന്ററിലെ രോഗികളുമായും അവരുടെ കൂട്ടിരിപ്പുകാരുമായും അദ്ദേഹം സംവദിച്ചു.

കാൻസറിനെ ഭയപ്പെടേണ്ടതില്ലെന്നും മറ്റ് രോഗങ്ങളെപോലെ തന്നെ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്ന ഒന്നാണിതെന്നും, പ്രതീക്ഷ കൈവിടാതെ ആത്മവിശ്വാസത്തോടെ അർബുദത്തെ നേരിടുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. പച്ചിലയും പഴവും നാട്ടുമരുന്നുകളും കൊണ്ട് അർബുദ ചികിത്സ നടത്തുന്നു എന്ന വകാശപ്പെടുന്ന വ്യാജ വൈദ്യരിൽ നിന്നല്ല ശാസ്ത്രീയ ചികിത്സയാണ് തേടേണ്ടത്. പാർശ്വഫലങ്ങൾ ചികിത്സ കഴിയുന്നതോടെ ഭേദമാകും. ചികിത്സ വൈകുന്നതും ഇടയ്ക്ക് നിർത്തിവയ്ക്കുന്നതും പലപ്പോഴും രോഗം ഗുരുതരമാകാൻ ഇടയാക്കുന്നു. അതുകൊണ്ടുതന്നെ ശ്രദ്ധയോടെയും ക്ഷമയോടെയും വേണം ചികിത്സയെ സമീപിക്കാനെന്നും ഹർജിത്ത് സൂചിപ്പിച്ചു.

മലബാർ കാൻസർ സെന്ററിന്റെ സ്നേഹോപഹാരം ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രമണ്യനിൽ നിന്നും ഏറ്റുവാങ്ങി ഹർജിത്ത് തന്റെ യാത്ര തുടർന്നു.

# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ–മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in



**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Bindu T, Harish Babu, SobithV K, Sheena E, Viju V S I **Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103. Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. I **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com